# എന്തിന്നു നിന്നെയുണർത്തി ഞാൻ



എന്തിന്നു നിന്നെയുണർത്തി ഞാനെന്നുള്ളിൽ
വീണു മയങ്ങിയ മോഹമേ! സന്ധ്യകൾ
താരാട്ടു പാടിയുറക്കിയ ദുഃഖമേ! യിന്നും
നനവാർന്ന നിൻ കവിൾത്തട്ടിൽ, നിൻ
നീലമിഴികളിൽ നോക്കിയിരിക്കവേ
നിന്നെക്കുറിച്ചൊന്നു പാടുവാനാകാതെ
രാഗവും താളവും സംഗീതമേളവും
ചേരുമീയുൽസവ വേളയി, ലേകനാ–
യേതോ വിദൂരമാം ചക്രവാളങ്ങളും
നോക്കി വിമൂകമിരിക്കുമ്പോളെന്തിനായ്
നിന്നെയുണർത്തി ഞാനോർക്കാതെ?– മാനസ
കൽഹാര പുഷ്പസുഗന്ധമാ, യാത്മാവി–
ലൊട്ടിപ്പിടിച്ചു ലയിച്ചു മയങ്ങിയെൻ
മുഗ്ദ്ധ മധുരാനുഭൂതിയായ്ത്തീരുവാൻ
നിന്നെത്തപസ്സിരുത്തട്ടെ ഞാൻ പിന്നെയും.

എൻെറ മനസ്സിൻെറയുള്ളിലെ, ത്താമര–
പ്പൊയ്കയിൽ നീ വന്നു പിന്നെ വിരിയവേ
എങ്ങുനിന്നെങ്ങിനെ നിൻെറ കവിളത്തു
വന്നതിക്കുങ്കുമം? നിന്നധരങ്ങളിൽ
ദിവ്യമീ മാധുരി? നിൻ മിഴിക്കോണുകൾ–
ക്കുള്ളിലീ വിണ്ണിന്നഗാധമാം നീലിമ?

പിന്നെ, യനഘനിമിഷങ്ങൾ കാൽകളിൽ
പൊന്നിൻ ചിലങ്കകൾ ചാർത്തുവാൻ, വാർമഴ–
വില്ലിൻ രഥങ്ങളിൽ സൗവർണ്ണചാമരം
വീശി നിൻ ചാരത്തു മന്ദമണയവേ
നിന്നെയുണർത്തുവാൻ, നിൻ മിഴിയിതളിലെൻ
ചുണ്ടുകൾ ചേർത്തൊന്നു ചുംബിച്ചണയ്ക്കുവാൻ
രത്നകിരീടം ശിരസ്സിലണിയിച്ചു
നിന്നെയയയ്ക്കുവാൻ കാത്തിരിക്കുന്നു ഞാൻ. ■